**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **18-01-2021 - ൽ മറുപടിയ്ക്ക്**

**മഹാപ്രളയത്തിലും കാലവർഷക്കെടുതിയിലും നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിലെ മഹാപ്രളയത്തിലും കാലവർഷക്കെടുതിയിലും വലിയ നാശം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരത്തുക അനുവദിച്ചുവോ എന്നറിയിക്കാമോ; | (എ) | ബഹുഭൂരിപക്ഷം പേർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വീട് വയ്ക്കുവാനുള്ള സ്ഥലം കണ്ടെത്താത്തതിനാലും അക്കൗണ്ടുകളിലെ പോരായ്മയും മറ്റു വിവരങ്ങളിലെ അപാകതയും രേഖകൾ യഥാസമയം ഹാജരാക്കാത്തതു കാരണവും 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും കാലവർഷ കെടുതിയിലും നാശനഷ്ടം സംഭവിച്ച ചില കേസുകളിൽ നഷ്ടപരിഹാര തുക അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. |
| (ബി) | ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; | (ബി) | ദുരിതാശ്വാസ ധനസഹായ ഇനത്തിൽ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2562.26 കോടി രൂപയും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 372.31 കോടി രൂപയും ചേർത്ത് ആകെ 2934.57 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിൽ പ്രളയദുരിതം നേരിട്ട അർഹരായ മുഴുവൻ പേർക്കും സഹായധനം വിതരണം ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | എത്ര കുടുംബങ്ങൾക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ഡി) | മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ